STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.238/PR/SPMC/PHQ/2022 Date:09.11.2022

## യോദ്ധാവ് പദ്ധതി വഴി ഇതുവരെ ലഭിച്ചത് 1131 വിവരങ്ങൾ

ഒക്ടോബർ ആറ് മുതൽ 31 വരെ യോദ്ധാവ് പദ്ധതി വഴി മയക്കുമരുന്നുമായി ബന്ധപ്പെട്ട് 1131 പേർ പോലീസിന് രഹസ്യവിവരങ്ങൾ കൈമാറി. ഏറ്റവും കൂടുതൽ വിവരങ്ങൾ ലഭിച്ചത് മലപ്പുറം ജില്ലയിൽ നിന്നാണ് - 144 എണ്ണം. തിരുവനന്തപുരം റൂറൽ ജില്ലയിൽ നിന്ന് 104 ഉം ആലപ്പുഴയിൽ നിന്ന് 76 ഉം വിവരങ്ങൾ ഇക്കാലയളവിൽ പോലീസിന് ലഭിച്ചു.

മറ്റു ജില്ലകളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ എണ്ണം ചുവടെ

തിരുവനന്തപുരം സിറ്റി - 54, കൊല്ലം സിറ്റി - 49, കൊല്ലം റൂറൽ 51, പത്തനംതിട്ട - 42, കോട്ടയം - 51, ഇടുക്കി - 34, എറണാകുളം സിറ്റി - 69, എറണാകുളം റൂറൽ - 74, തൃശൂർ സിറ്റി - 60, തൃശൂർ റൂറൽ - 39, പാലക്കാട് - 52, കോഴിക്കോട് സിറ്റി - 61, കോഴിക്കോട് റൂറൽ - 67, വയനാട് - 19, കണ്ണൂർ സിറ്റി - 48, കണ്ണൂർ റൂറൽ - 10, കാസർഗോഡ് - 27

ലഹരിപദാർത്ഥങ്ങളുടെ വിതരണവും ഉപയോഗവും വ്യാപനവും തടയുന്നതിനായി പോലീസ് രൂപം നൽകിയ പദ്ധതിയാണ് യോദ്ധാവ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫോട്ടോ, വീഡിയോ, ടെക്സ്റ്റ്, വോയിസ് എന്നിവയായി 9995966666 എന്ന വാട്സ്ആപ്പ് നമ്പരിലൂടെ പോലീസിന് കൈമാറാം. മയക്കുമരുന്നിന്റെ ഉപയോഗവും കടത്തും സംബന്ധിച്ച വിവരങ്ങൾ സ്വകാര്യമായി പങ്കുവെക്കാനാകുന്ന ഹെൽപ് ലൈൻ നമ്പർ ആണിത്. ഈ നമ്പറിലേയ്ക്ക് വിളിച്ചുസംസാരിക്കാനാവില്ല.

**************************